TB Movie Panel Weekly Review
**#MoviePanel**

തല്ലുമാല - അടിയിടി വെടി പൂരം.

എഴുതിയത് : Jijin Charummoodu

ഒരുപിടി മികച്ച ചിത്രങ്ങൾ മലയാള സിനിമയ്ക്ക് സമ്മാനിച്ച ആഷിക് ഉസ്മാൻ നിർമ്മിച്ച ചിത്രമാണ് തല്ലുമാല. പേര് പോലെ തന്നെ നല്ല നാടൻ തല്ലിന്റെ മാലപ്പടക്കമാണ് പടം.

പ്രീ ബുക്കിംഗ് തുടങ്ങിയപ്പോൾ തന്നെയുള്ള ഹെവി ബുക്കിംഗ് ഒരു കളർഫുൾ എന്റർടെയിൻമെന്റിന് വേണ്ടി പ്രേക്ഷകർ ഒരുപാട് ആഗ്രഹിച്ചിരുന്നു എന്നതിന്റെ തെളിവാണ്.

മണവാളൻ വസിം എന്ന കേന്ദ്ര കഥാപാത്രത്തെ ടോവിനോ തോമസ് അവതരിപ്പിച്ചിരിക്കുന്നു. ഷൈന് ടോം ചാക്കോ, ലുക്ക്മാന്, ചെമ്പന് വിനോദ്,ജോണി ആന്റണി, ഓസ്റ്റിന്, അസീം ജമാല് തുടങ്ങിയവരാണ് മറ്റു താരങ്ങള്. ബീപാത്തുവായി കല്യാണി പ്രിയദർശനും എത്തുന്നു. ഖാലിദ് റഹ്മാന്റെ ആദ്യ ചിത്രങ്ങളിൽ നിന്നും വ്യത്യസ്തമായി ഒരു നോൺ ലീനിയർ ട്രീറ്റ്മെൻറ് ആണ് ചിത്രത്തിന്റെ നറേറ്റീവ് .

എന്ത് കാര്യത്തിനും മുൻപിൻ നോക്കാതെ ഇടപെടുന്ന വസീം നിരന്തരം തല്ലുകളിൽ പെടുന്നു. അങ്ങനെ നടക്കുന്ന പല പല തല്ലുകളുടെ ഒരു കൂടിച്ചേരലാണ് സിനിമ. അടി ഇടി പാട്ട് ഫ്ലാഷ് ബാക്ക് സമ്മിശ്രമായി ആദ്യപകുതി മുന്നോട്ടു പോകുന്നു. പലവിധ തല്ലുകളിലൂടെ പ്രണയത്തിന്റെയും സൗഹൃദത്തിന്റെയും കഥ പറയുകയാണ് ചിത്രം.

എടുത്തു പറയേണ്ടത് ചിത്രത്തിൻറെ ഛായാഗ്രഹണമാണ്. ജിംഷി ഖാലിദ് ആണ് ഛായാഗ്രഹണം നിർവഹിച്ചിരിക്കുന്നത്. ചിത്രത്തിന് മൂഡിനനുസരിച്ചുള്ള അതിമനോഹരമായ ഫ്രെയിമുകൾ ജിംഷിയുടെ ക്യാമറയിൽ ഒപ്പിയെടുത്തിരിക്കുന്നു. ജോണി ആന്റണി നീന കുറുപ്പ് എന്നിവർ തങ്ങളുടെ റോൾ ഭംഗിയായി നിർവഹിച്ചിരിക്കുന്നു.

മുഹ്സിന് പരാരി, അഷ്റഫ് ഹംസ എന്നിവരാണ് ചിത്രത്തിന്റെ രചന. ക്യാമറ ജിംഷി ഖാലിദ്, സംഗീതം വിഷ്ണു വിജയ്, ഗാനരചന മുഹ്സിന് പരാരി, പ്രൊഡക്ഷന് കണ്ട്രോളര് സുധര്മന് വള്ളിക്കുന്ന്, എഡിറ്റര് നിഷാദ് യൂസഫ്, ആർട്ട് ഗോകുല്ദാസ്, മേക്കപ്പ് റോണക്സ് സേവ്യര്, ചീഫ് അസോസിയേറ്റ് റഫീഖ് ഇബ്രാഹിം, ഡിസൈന് ഓള്ഡ്മോങ്ക്, സ്റ്റില്സ് വിഷ്ണു തണ്ടാശ്ശേരി.

verdict : ഒരു തവണ തിയേറ്ററിൽ പോയി എല്ലാം മറന്ന് ഉല്ലസിക്കാനുള്ള ചിത്രം.